**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2099</u>** **<u>11-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കണ്ണൂർ മെഡിക്കൽ കോളേജിൽ ഫാം -ഡി കോഴ്സ്.</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഏറ്റെടുത്തതിനുശേഷം കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിർത്തലാക്കിയ ഫാം. ഡി. കോഴ്സ് പുനരാരംഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കണ്ണൂർ മെഡിക്കൽ കോളേജിന്റെ കീഴിലുള്ള ഫാർമസി കോളേജിൽ 2012 മുതൽ ഫാം.ഡി കോഴ്സ് നടത്തി വന്നിരുന്നു. ജോലി സാദ്ധ്യത തീരെ കുറവായതിനാലും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമിക്കപ്പെടുന്ന ഒരു തസ്തികയിലേയും യോഗ്യതയായി ഫാം.ഡി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഒരു കോളേജുകളിലും ഫാം.ഡി കോഴ്സ് നടത്തപ്പെടുന്നില്ല. അതേ കാരണത്താൽ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം ഈ കോഴ്സിലേയ്ക്ക് പ്രവേശനം നടത്തിയിട്ടില്ല. കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം നിലവിലില്ല. |
| (ബി) | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, കണ്ണൂരിൽ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയിലും ഫാർമസി പ്രാക്ടീസിലും ബിരുദാനന്തരബിരുദം തുടങ്ങാനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (ബി) | കണ്ണൂർ മെഡിക്കൽ കോളേജിന്റെ കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ സയൻസ്സിൽ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയിലും ഫാർമസി പ്രാക്ടീസിലും എം.ഫാം കോഴ്സ് തുടങ്ങുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ